**15 -ാം കേരള നിയമസഭ**

**10 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 3377** **15-02-2024 - ൽ മറുപടിയ്ക്ക്**

**വിനോദസഞ്ചാര മേഖലകളിലെ അപകട മരണങ്ങൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. എൻ. ഷംസുദ്ദീൻ,<br>ശ്രീ. പി. അബ്ദുൽ ഹമീദ്,<br>ശ്രീ. പി. കെ. ബഷീർ,<br>പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ | | ശ്രീ. പി.എ.മുഹമ്മദ് റിയാസ്<br>(പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പ് മന്ത്രി) | |
| (എ) | വിനോദസഞ്ചാര മേഖലകളിൽ യുവാക്കളുടെയും വിദ്യാർത്ഥികളുടെയും അപകടമരണങ്ങൾ വർദ്ധിച്ച് വരുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (എ) | വിനോദസഞ്ചാര മേഖലകളിലെ അപകടങ്ങൾ ഒഴിവാക്കുന്നതിന് വിവിധ വകുപ്പുകളുമായി ചേർന്ന് പദ്ധതികൾ തയ്യാറാക്കുന്നു.<br><br>ടൂറിസം വകുപ്പ് പ്രധാന വിനോദസഞ്ചാര കേന്ദ്രങ്ങളിൽ സുരക്ഷിതത്വം ഉറപ്പാക്കുന്നതിനുവേണ്ട നടപടികൾ സ്വീകരിക്കുന്നുണ്ട്. ടൂറിസം മേഖലയിലെ സുരക്ഷിതത്വം ഉറപ്പാക്കുന്നതിന്റെ ഭാഗമായി വിനോദസഞ്ചാര കേന്ദ്രങ്ങളുടെ പരിധിയിൽ വരുന്ന പോലീസ് സ്റ്റേഷനുകൾ, തദ്ദേശസ്ഥാപനങ്ങൾ എന്നിവയുടെ സഹകരണം തേടുന്നുണ്ട്. മാത്രവുമല്ല പ്രത്യേകം പരിശീലനം ലഭിച്ച ടൂറിസം പോലീസിനെ പ്രധാന ടൂറിസം കേന്ദ്രങ്ങളിൽ വ്യന്യസിച്ചിട്ടുണ്ട്. കേരളത്തിലെ 14 ജില്ലകളിലായി 184 ടൂറിസം പോലീസിനെ നിയോഗിച്ചിട്ടുണ്ട്. ടൂറിസം കേന്ദ്രങ്ങളിൽ അപകടങ്ങളോ ജീവഹാനിയോ സംഭവിക്കാൻ സാധ്യതയുള്ളതിനാൽ പ്രത്യേകം പരിശീലനം നേടിയ ലൈഫ് ഗാർഡുകളുടെ സേവനം ബീച്ചുകളിലും മറ്റ് ചില മേഖലകളിലും ഉറപ്പാക്കിയിട്ടുണ്ട്.<br><br>സംസ്ഥാനത്തൊട്ടാകെ ഇത്തരത്തിൽ 178 ലൈഫ് ഗാർഡുകൾ സേവനം അനുഷ്ഠിയ്ക്കുന്നു. ഇവർക്കു കൂടുതൽ പരിശീലനവും ആവശ്യമായ ജീവൻ രക്ഷാ ഉപകരണങ്ങളും വകുപ്പ് നൽകിവരുന്നു.<br><br>ടൂറിസം കേന്ദ്രങ്ങളെ സുരക്ഷിതമാക്കുന്നതിനായി നിരീക്ഷണ ക്യാമറ സംവിധാനം നടപ്പിലാക്കുന്ന പദ്ധതി വകുപ്പ് സ്വീകരിച്ചുവരികയാണ്. ഇപ്പോൾ തിരുവനന്തപുരം ജില്ലയിലെ കോവളം ടൂറിസം ഡെസ്റ്റിനേഷൻ, വേളി, കനകക്കുന്ന് എന്നീ പ്രധാന വിനോദസഞ്ചാര കേന്ദ്രങ്ങളിൽ നിരീക്ഷണ ക്യാമറ സംവിധാനമേർപ്പെടുത്തിയിട്ടുണ്ട്. |

| | | | |
|---|---|---|---|
| (ബി) | എങ്കിൽ ആയതിനിടയാക്കുന്ന കാരണങ്ങൾ വിശകലനം ചെയ്തിട്ടുണ്ടോ; വിശദമാക്കുമോ; | (ബി) | (എ) പിരിവിന്റെ അതേ ഉത്തരം |
| (സി) | ഇത്തരം അപകടങ്ങൾക്കുള്ള പ്രധാന കാരണങ്ങളിലൊന്ന് മദ്യം, മയക്കുമരുന്ന് എന്നിവയുടെ അനിയന്ത്രിത ഉപയോഗമാണെന്ന കാര്യം പരിശോധിച്ചിട്ടുണ്ടോ; എങ്കിൽ വ്യക്തമാക്കുമോ; | (സി) | മദ്യം, മയക്കുമരുന്ന് എന്നിവയുടെ അനിയന്ത്രിതമായ ഉപയോഗം മൂലമാണ് അപകടങ്ങൾ ഉണ്ടാകുന്നത് എന്ന് സ്ഥിതിവിവരക്കണക്കുകളിൽ നിന്നും ലഭ്യമല്ല. |
| (ഡി) | ഇത്തരം അപകട മരണങ്ങൾ ഒഴിവാക്കാൻ സ്വീകരിക്കേണ്ട മുൻകരുതലുകളെ സംബന്ധിച്ച് അവബോധമുണ്ടാക്കാൻ ആവശ്യമായ നടപടികൾ സ്വീകരിക്കുമോ? | (ഡി) | നിലവിൽ ടൂറിസം വകുപ്പ് വിനോദസഞ്ചാര കേന്ദ്രങ്ങളിൽ സുരക്ഷിതത്വം ഉറപ്പാക്കുന്നതിനു വേണ്ട നടപടികൾ സ്വീകരിക്കുന്നുണ്ട്. സുരക്ഷാ മുൻകരുതലുകളെ സംബന്ധിച്ച് വിനോദ സഞ്ചാരികൾക്കിടയിൽ അവബോധമുണ്ടാക്കുന്നതിനാവശ്യമായ മുന്നറിയിപ്പുകൾ വിനോദസഞ്ചാര കേന്ദ്രങ്ങളിൽ സ്ഥാപിക്കാറുണ്ട് . കൂടുതൽ കേന്ദ്രങ്ങളിൽ ഇവ സ്ഥാപിക്കുന്ന കാര്യം പരിഗണിയ്ക്കുന്നു. ഒപ്പം ലൈഫ് ഗാർഡുകൾ, ടൂറിസം പോലീസ് , ടൂറിസം കേന്ദ്രങ്ങളിലെ ജീവനക്കാർ എന്നിവരും ജാഗ്രതാ നിർദ്ദേശങ്ങൾ നൽകി വരുന്നുണ്ട് . |

സെക്ഷൻ ഓഫീസർ